LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയത്തിന്റെ വിലയിടിവ്

105 (1479) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയത്തിന് അന്താരാഷ്ട്ര മാർക്കറ്റിൽ ഉണ്ടായ വിലയിടിവ് പ്രവാസി ഭാരതീയരെ ദോഷകരമായി ബാധിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനെത്തുടർന്ന് ഗൾഫ് രാജ്യങ്ങളിൽ അന്യരാജ്യക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ടോ എന്നത് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര മാർക്കറ്റിലുള്ള വിലയിടിവ് പ്രവാസി ഭാരതീയരെ പ്രതികൂലമായി ബാധിച്ചേക്കാം എന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്.

(ബി) ഗൾഫ് രാജ്യങ്ങളിലെ പ്രവാസികളുടെ തൊഴിൽ നഷ്ടപ്പെടാൻ ഇടയുണ്ട് എന്ന മാധ്യമ റിപ്പോർട്ടുകൾ ഉണ്ടെങ്കിലും ഇത് സംബന്ധിച്ച് ഔദ്യോഗിക വിവരം സർക്കാരിന് ലഭിച്ചിട്ടില്ല. നോർക്ക ഡയറക്ടർ ബോർഡ് ഇക്കാര്യം സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്.

പുതിയ നഗരസഭകൾ

106 (1480) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ; ഈ നഗരസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ?

ഉത്തരം

അനുവദിച്ചിട്ടില്ല. പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു. നഗരസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 31-10-2015 തീയതിയിലെ സ.ഉ. (കൈ.) നമ്പർ 333/15/തസ്വഭവ. പ്രകാരവും,

17-11-2015 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 3371/15/തസ്വഭവ. പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധം (I), (II) ആയി ചേർത്തിരിക്കുന്നു.)*

ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ

107 (1481) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഗ്ലാസ് നിർമ്മിത മദ്യക്കുപ്പികൾ റോഡുവക്കുകളിലും പൊതുസ്ഥലങ്ങളിലും നിറഞ്ഞുകിടന്ന് പൊട്ടി കാൽനടക്കാർക്ക് അപകടം വരുത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവ ശേഖരിച്ച് മാറ്റാനുള്ള ഉത്തരവാദിത്തം, നിലവിലെ നിയമമനുസരിച്ച് അതത് മദ്യക്കമ്പനികൾക്കോ, മദ്യവിതരണ കമ്പനികൾക്കോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആ നിയമം നടപ്പാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

108 (1482) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് അന്താരാഷ്ട്ര തലത്തിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പരിഹാരം തേടി നടത്തിയ മത്സരത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാം സമ്മാനാർഹമായ പ്രോജക്ടിൽ അവതരിപ്പിക്കപ്പെട്ട സാങ്കേതിക വിദ്യയുടെ പ്രായോഗികതയും, പ്രവർത്തനച്ചെലവും സംബന്ധിച്ച കാര്യങ്ങൾ പഠന വിധേയമാക്കി, സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയുക്തമാണോ എന്ന് പരിശോധിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ;

(സി) പരിശോധനാഫലം ആശാവഹമെങ്കിൽ പ്രസ്തുത സാങ്കേതിക വിദ്യ പ്രായോഗികമാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly